# ഓർമകൾ



രാജലക്ഷ്മി മേനോൻ

Copyright © 2021, Rajalakshmi Menon
All rights reserved.

No part of this publication may be reproduced or transmitted in any form or by any means, electronic or mechanical, including photocopy, recording or any information storage and retrieval system now known or to be invented, without permission in writing from the publisher, except by a reviewer who wishes to quote brief passages in connection with a review written for inclusion in a magazine, newspaper or broadcast.

Published in India by Prowess Publishing,
YRK Towers, Thadikara Swamy Koil St, Alandur,
Chennai, Tamil Nadu 600016

ISBN: 978-1-5457-5362-0

Library of Congress Cataloging in Publication

# ഉള്ളടക്കം


**കവിതകൾ** ....................................................1

1. വേർപാട് ....................................................3
2. മാതൃത്വം ....................................................5
3. നാലുകെട്ട്. ....................................................7
4. മോക്ഷം....................................................8
5. തകർന്നടിഞ്ഞ സ്വപ്നങ്ങൾ ....................................................10
6. കൂട്. ....................................................11
7. പൂക്കൾ ....................................................13
8. ഓർമ്മയിൽ ഒരു ബാല്യം....................................................14
9. സാഗരം....................................................15
10. ഓർമ്മയിലൊരോണക്കാലം....................................................17
11. ജന്മബന്ധം ....................................................19
12. സ്നേഹസന്ദേശം....................................................21
13. മൃത്യു....................................................23
14. തിരിച്ചു വരവ്....................................................25
15. മലമേഘങ്ങൾ ....................................................27
16. കേരളസ്ത്രീകൾ....................................................28
17. ഓണം ....................................................29
18. ഗായിക....................................................30
19. സ്നേഹം....................................................32
20. സ്നേഹിത ....................................................33
21. ഭൂകമ്പക്കെടുതികൾ ....................................................35
22. സ്വപ്നങ്ങൾ....................................................36
23. വിഷാദം ....................................................37
24. അമ്മ ....................................................38
25. ഓർമകൾ ....................................................40

26. നർത്തകി.....42
27. മനസ്സ്.....44
28. മഴമേഘങ്ങൾ.....45
29. ഗാർഹികപീഡനങ്ങൾ.....46
30. കുഞ്ഞിക്കുരുവി.....47

**കീർത്തനങ്ങൾ**.....49
1. നാരായണ!.....51
2. പൊന്നുണ്ണികൃഷ്ണൻ!.....52
3. അമ്പാടികൃഷ്ണൻ.....54
4. കുറൂരമ്മ.....56
5. അമ്പലപ്പുഴ കൃഷ്ണൻ.....59
6. അരികന്നിയൂരിലെ ദേവി.....60
7. ചൊവ്വല്ലൂർ ശിവക്ഷേത്രം.....61
8. ശിവസ്തുതി.....62
9. കരുവന്തല ഭഗവതി.....64
10. വലിയമ്പലം.....65
11. കണ്ണന്റെ ബാല്യകാലങ്ങൾ.....67
12. മുരളീധരാ.....69
13. കണ്ണന്റെ മാഹാത്മ്യങ്ങൾ.....70
14. സുബ്രഹ്മണ്യസ്വാമി.....72
15. ശരണമയ്യപ്പാ.....74
16. ചോറ്റാനിക്കര ദേവി.....76
17. കണ്ണാ! കാർമേഘവർണ്ണാ!.....77
18. സത്യസായിബാബ!.....78
19. തിരുപ്പതി ബാലാജി.....79
20. കൊടുങ്ങലൂരമ്മ.....80

# 1. വേർപാട്

അമ്മ ചോദിക്കുന്നു ഇങ്ങിനെയെത്ര നാൾ
അമ്മു ശിലപോലെ സ്തംഭിച്ചിരിക്കും നീ
അമ്മിണികുഞ്ഞിതാ അമ്മയേ ചോദിപ്പൂ
അമ്മൂമ്മ വന്നു വിളിക്കുകീയമ്മയേ
അമ്മ പറഞ്ഞത് കേട്ടിട്ടുമെൻ മനം,
അല്ലലാൽ ശൂന്യതയേറിമടുത്തു പോയ്
അമ്മിണി തന്നച്ഛൻ ഞങ്ങളേ വേർപിരി
ഞ്ഞങ്ങു മരീചികക്കുള്ളിൽ മറഞ്ഞാലും
അമ്മ തൻ കർത്തവ്യമെല്ലാം നിറവേറ്റാൻ
അമ്പാടികണ്ണാ! യെനിക്കുധൈര്യം തരൂ
അങ്ങയെയെങ്ങിനെ ഞാൻ മറക്കാനാവും
അങ്ങെന്റെയോരോ മിടിപ്പിലുമുണ്ടല്ലോ.
അമ്മുയെന്നുള്ള വിളിയും ചിരികളും
അമ്മിണികുഞ്ഞിനോടുള്ള കളികളും
അങ്ങെനിക്കായ് വാങ്ങിതന്ന മണിവീണ
അങ്ങൊന്നു ചൊല്ലൂ ഞാൻ മീട്ടുവതാർക്കി നീ
അമ്മുവിനൊന്നിലും താൽപര്യമില്ലിനി
അങ്ങനെ വിട്ടിട്ടു പോയൊരീ ലോകത്തിൽ
അമ്മിണി കുഞ്ഞിനു വേണ്ടി ഞാൻ ജീവിക്കും
ആ ഹതഭാഗ്യക്കിതൊന്നുമറിയില്ല

അമ്പരിപ്പിക്കുന്ന നോട്ടത്തോടിന്നവൾ
അമ്മ തൻ ചാരത്തു വന്നു നിന്നീടവേ
അമ്മിണിക്കുഞ്ഞിനെ മാറത്തടുക്കി ഞാൻ
അമ്മയില്ലേ, നിനക്കച്ഛനില്ലെങ്കിലും
അമ്മയെന്താണിപ്പറയുന്നതെന്നച്ഛൻ
അമ്മിണിക്കിന്നോരുടുപ്പുമായെത്തില്ലേ
അമ്മോവൻ വന്നെടുത്തുമ്മ വെച്ചനേരം
അമ്മാവനെന്തേ കലങ്ങുന്നു കണ്ണുകൾ
അങ്ങകലത്തുള്ള ബന്ധുക്കളൊക്കെയും
അമ്മയേ കാണുവാനെത്തിടുന്നെപ്പഴും
അയ്യോ പാവം കഷ്ടം കുഞ്ഞിന്റെ കാര്യങ്ങൾ
അമ്മു തന്നെയിനി നോക്കണമല്ലയോ
അർജ്ജുനനിങ്ങനെ ദുർവിധിയെത്തുമെന്നു
നമ്മളാരും തന്നെ ചിന്തിച്ചതല്ലല്ലോ
ആരു വന്നാലുമെന്നമ്മക്കു രോദനം
ആരുമില്ലമ്മ തൻ കണ്ണുനീരൊപ്പുവാൻ
അമ്മ കുളിക്കാതെ ദുഖിച്ചിരിക്കുന്നു
അമ്മിണിക്കുള്ളിൽ നിറയുന്നു സങ്കടം
ആരും കൊടുത്താൽ കഴിക്കുന്നുമില്ലല്ലോ
അമ്മക്കൊരാപ്പിൾ മുറിച്ചു ഞാനേകവേ
അമ്മ വിതുമ്പി നാൾ പിന്നെയും പിന്നെയും
അമ്മിണിക്കുഞ്ഞു കരഞ്ഞു കൊണ്ടാരാഞ്ഞു
അമ്മേ! യെന്നച്ഛനെ ദൈവം വിളിച്ചുവോ
അമ്മ തൻ ദൈവത്തിനെന്തിത്ര ക്രൂരത

* * *

# 2. മാതൃത്വം

അരുമക്കിടാവിനെ പാലൂട്ടിയുറക്കുവാൻ,
അമ്മ തൻ വാത്സല്യത്താൽ തഴുകിത്തലോടുവാൻ,
അനർഘമായ നിധിതന്നിലേക്കടുപ്പിച്ചു.
അതിനിർവൃതിയോടെ സായുജ്ജ്യമടയുവാൻ,
ഉൽഘടമായ ദാഹമാത്മാവിലടുക്കി ഞാൻ,
വർഷങ്ങളോളം വേഴാമ്പലിനേ പോലെ കാത്തു.
ഒരിറ്റു കാരുണ്യവും ഞങ്ങളിൽ ചൊരിയാതെ,
ശരണം പ്രാപിച്ചിട്ടും കൈവെടിഞ്ഞല്ലോ, ദേവൻ!
ദേവാലയങ്ങൾ തോറും പ്രാർത്ഥന നടത്തിയും,
അമ്പലങ്ങളിൽ പോയിട്ടർച്ചന നടത്തിയും,
മാനസമുരുകി കണ്ണീരുതിർത്തു വിളിച്ചിട്ടും,
ഭഗവാനൊരുണ്ണിയേ കൈകളിൽ തന്നില്ലല്ലോ!
ഒരുനാൾ തൊട്ടിലിൽ എൻ കണ്ണുടക്കിയപ്പോൾ,
ഉൾവിളിയായെത്തിയൊരമ്മ തൊട്ടിൽ
സ്നേഹലാളനക്കായി കൊതിക്കും കുഞ്ഞുങ്ങളേ!
പരിപാലിക്കുന്നതാമനാഥമന്ദിരത്തിൽ.
കുഞ്ഞിളം കണ്ണുകളാൽ ഞങ്ങളേ നോക്കി മന്ദം,
പുഞ്ചിരിപൊഴിക്കുന്ന കുഞ്ഞു മാലാഖകുഞ്ഞ്.
ഇരുകൈകളും നീട്ടി സ്വന്തമാക്കിയ നിധി,
ജീവിതം ഞങ്ങൾക്കിന്നൊരുത്സവമായി മാറി.

തേൻമൊഴിയേപ്പോലെ സ്നേഹിക്കാനായ്
കുഞ്ഞിനായി,
വർഷങ്ങൾ കാത്തിരിക്കും അമ്മമാരാകാത്തവർ,
അമ്മ തൊട്ടിലിൽ നിന്നും ദത്തെടുത്തൊരുണ്ണിയേ,
സ്വന്തമാക്കുകയൊരു ജീവിതം നൽകീടുക!

* * *

# 3. നാലുകെട്ട്.

ഇന്നുഞാനെത്തിയെൻ നാലുകെട്ടിൻ മുന്നിൽ,
ഒരുപാടുകാലം കഴിഞ്ഞശേഷം.
പണ്ടത്തെ കാലപ്രതാപമോർമിപ്പിക്കുന്ന,
തലയിടുപ്പിന്നുമെൻ വീടിനുണ്ട്.
കാവും, കുളങ്ങളും കാടു പടലുമായ്,
തീർത്തുമനാഥരായ് മാറിയല്ലോ.
ഒരുപാടുകാലം തിരിവെച്ചു പ്രാർത്ഥിച്ച-
എൻ തുളസിത്തറ പുൽ നിറഞ്ഞു.
അങ്ങതാകാവിലെ നാഗത്താന്മാർക്കായി,
ഒരുതിരിതെളിയിപ്പാനാരുമില്ല!
കാലയവനികക്കുള്ളിൽ മറഞ്ഞവർ,
കാത്തുസൂക്ഷിച്ച വിശുദ്ധിയോർത്തു,
ഗോക്കളില്ലാത്തയീകാലിത്തൊഴുത്തുകൾ
മൂകതയെങ്ങുമലയടിച്ചു.
തെക്കേകുളത്തിൽ കുളക്കോഴികൾ മാത്രം,
നീന്തിക്കളിച്ചു രസിച്ചിടുന്നു.
മൂകതയെങ്ങും നിറഞ്ഞ വീട്ടിൽ നിന്നും,
വേദനയോടെ പടിയിറങ്ങി.
വീണ്ടും തിരിച്ചു നഗരമധ്യത്തിലേ,
കോൺക്രീറ്റു സൗധത്തെ ലക്ഷ്യമാക്കി.

* * *

# 4. മോക്ഷം

ഭക്തിനിർഭരമായൊരമ്പലത്തിന്റെ മുന്നിൽ,
മുക്തികിട്ടാതെയുഴറുന്നരണ്ടുറ്റതോഴർ.
വൃദ്ധനായ് ചില്ലകളുമൊടിഞ്ഞൊരരയാലും,
വൃദ്ധനായ് പല്ലുകൊഴിഞ്ഞൊരു മാനവൻ
  താനും.
കാണാറുണ്ടെന്നും ഞാനാ രണ്ടുമിത്രങ്ങളേയും
കേൾക്കാറുണ്ടെന്നും ദീനരോദനം മൂകമായി.
ഭഗവാനായിട്ടെത്രയർപ്പിപ്പൂ പണക്കിഴി
മടങ്ങീടുമ്പോൾ വൃദ്ധനായിട്ടോട്ടപാത്രത്തിൽ.
ഒരുനാണയതുട്ടു വീഴ് ത്തുന്നു വല്ലപ്പോഴും.
രാത്രിവന്നടുക്കുമ്പോൾ തണുപ്പു കൂടുന്നെന്നു,
തൻദുഖം കണ്ണീരോടെ തോഴനോടോതീവൃദ്ധൻ.
കുഷ്ഠരോഗവും വന്നു ക്ഷീണിതനായ വൃദ്ധൻ,
മക്കളാലറുത്തെറിയപ്പെട്ട ദുഖം പേറി
റോട്ടുവക്കിലും പിന്നെ നാൽകവലകളിലുമായ്
ഭിക്ഷയാചിക്കാൻ നടന്നീടിലും സന്ധ്യക്കെന്നും
ഇരുട്ടുപകലിനേ പൂർണ്ണമായ് വിഴുങ്ങുമ്പോൾ,
ഒത്തുകൂടുവാനരയാലിന്റെ ചുവടെത്തും
എത്രയോകാലം കണ്ട കാഴ് ചകൾ പങ്കു
  വെക്കും,
ദുഖിതനരയാലും വൃദ്ധനാ മനുഷ്യനും.

അതിലേ കടന്നുപോകും സായാഹ്നങ്ങളിൽ
   വല്ലപ്പോഴും
പുഞ്ചിരി തൂകി ഞാനാ വൃദ്ധനു ഫലം നൽകും
പതിവിൻ പടിയന്നുമമ്പലത്തിലേക്കു ഞാൻ,
പുലർകാലത്തിൻ നേരത്തടുത്തെത്തുന്ന നേരം.
ജനസഞ്ചയം കണ്ടു ഞാനുമാ കാഴ്ച കണ്ടു.
ഉറ്റതോഴനാം വൃദ്ധനേയുമാശ്ലേഷിച്ചിട്ടു,
ഉഗ്രനാമരയാൽ നിന്നഗ്നിയിൽ ജ്വലിക്കുന്നു.
കണ്ടുഞാൻ ചാരിതാർത്ഥ്യമടഞ്ഞുകൈകൾ
   കൂപ്പി,
ഉറ്റതോഴർക്കു മുക്തിയായല്ലോ ഭഗവാനേ!

* * *

# 5. തകർന്നടിഞ്ഞ സ്വപ്നങ്ങൾ

അന്നു നീ നട്ടൊരു പൂമരകൊമ്പെല്ലാം,
ഇന്നിതാ വാടിക്കരിഞ്ഞു പോയി.
അന്നു നീ നൽകിയ സുന്ദരസ്വപ്നങ്ങൾ,
എന്നുള്ളിൽ വാടിക്കരിഞ്ഞ പോലെ.
എന്തെല്ലാം സ്വപ്നങ്ങൾ നെയ്തു കൂട്ടി നമ്മൾ,
ഒന്നും തളിർത്തില്ല, പൂത്തുമില്ല!
ആകാശമെത്തിയ പട്ടമതിനുടെ,
നൂൽപൊട്ടി താഴെ പതിച്ചപോലെ,
ജീവിതനൈരാശ്യ ദു:ഖവും പേറി ഞാൻ-
ഈ വഴിത്താരയിലെത്തി നിൽപ്പൂ.
ചേക്കേറുവാനുള്ള താവളം മാറ്റി നീ,
എന്നേ ചവുട്ടിക്കടന്നു പോയീ.
ഒരുനൂറു സ്വപ്നങ്ങൾ കാറ്റിൽ പറത്തി നീ,
ഒന്നുമോർക്കാതേ നടന്നകന്നു.
ദൂരേക്കകലുന്ന കാലൊച്ചകൾ മാത്രം,
എന്റെ മനസ്സിലലയടിച്ചു.
എന്നിട്ടു മിന്നും നിൻകാലൊച്ച കേൾക്കുവാൻ,
എൻ കൂര തന്നിൽ ഞാൻ കാത്തിരിപ്പൂ.

* * *

**You’ve Just Finished your Free Sample**

**Enjoyed the preview?**

**Buy: https://store.prowesspub.com**